LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി കോളനിയിലേയ്ക്കുള്ള വഴി നിർമ്മാണം

22(2057) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനിയിലേയ്ക്കുള്ള വഴി നിർമ്മാണത്തിനായി ഏതൊക്കെ ഫണ്ടുകൾ ഉപയോഗിക്കാമെന്ന് വ്യക്തമാക്കാമോ; ഏതൊക്കെ വകുപ്പുകൾ/ഏജൻസികൾ മുഖാന്തരമാണ് ഇവിടങ്ങളിൽ വഴികൾ നിർമ്മിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ഗുണഭോക്താക്കളായ റോഡുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന SCSP ഫണ്ട്, വകുപ്പിന്റെ കോർപ്പസ് ഫണ്ട് എന്നിവ വിനിയോഗിച്ചാണ് നിർവ്വഹണം നടത്തുന്നത്. ഇപ്രകാരമുള്ള പ്രവൃത്തികൾ ത്രിതല പഞ്ചായത്തുകൾ മുഖാന്തരമാണ് നടപ്പാക്കിവരുന്നത്. കൂടാതെ എം.പി./എം.എൽ.എ ഫണ്ടുകളും വിനിയോഗിക്കാവുന്നതാണ്.

(ബി) കോളനിക്കുള്ളിലെ വഴിപോലെതന്നെ പ്രാധാന്യമുള്ള കോളനിയിലേയ്ക്ക് എത്തിച്ചേരുന്ന വഴിക്കും എസ്.സി. ഫണ്ട് വകയിരുത്തുന്നതിന് മാനദണ്ഡങ്ങൾ നിലവിലുണ്ടോ?

പട്ടികജാതി കോളനി/സങ്കേതങ്ങളിലേയ്ക്ക് റോഡ് നിർമ്മിക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് കോളനിക്കകത്തുള്ള ഭാഗവും കോളനിയിലേയ്ക്കുള്ള ഭാഗവും ഒന്നായി പരിഗണിച്ച് ഒറ്റ എസ്റ്റിമേറ്റ് തയ്യാറാക്കുകയാണെങ്കിൽ താഴെ വിശദമാക്കുന്ന നിബന്ധനകൾ പ്രകാരം പട്ടികജാതി ഉപപദ്ധതി വിഹിതം വകയിരുത്താൻ സാധിക്കുന്നതാണ്.

(എ) വൈദ്യുതി, കുടിവെള്ളം, റോഡ്, നടപ്പാത എന്നീ പൊതുസൗകര്യ പ്രോജക്ടുകളുടെ ആകെ ഗുണഭോക്തൃ കുടുംബങ്ങളിൽ 50 ശതമാനത്തിലധികം പട്ടികജാതിക്കാരാണെങ്കിൽ ആ പ്രോജക്ടിന് പൂർണ്ണമായും പട്ടികജാതി ഉപപദ്ധതി വിഹിതം വകയിരുത്താവുന്നതാണ്.

(ബി) മുൻഖണ്ഡികയിൽ പ്രതിപാദിച്ച തരം പ്രോജക്ടുകളുടെ ആകെ ഗുണഭോക്താക്കളിൽ പട്ടികജാതി വിഭാഗക്കാരുടെ എണ്ണം 50 ശതമാനത്തിൽ കുറവായിരിക്കുകയും എന്നാൽ 25% എങ്കിലും ഉണ്ടായിരിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ പട്ടികജാതി വിഭാഗക്കാരുടെ ശതമാനത്തിന് ആനുപാതികമായ വിഹിതം പട്ടികജാതി ഉപപദ്ധതി വിഹിതത്തിൽനിന്ന് വകയിരുത്താവുന്നതും

LIBRARY ARCHIVES Kerala Legislative Assembly

ബാക്കി തുക പൊതുവിഭാഗം/തനത് ഫണ്ടിൽനിന്ന് വകയിരുത്തുകയും ചെയ്യേണ്ടതാണ്. പട്ടികജാതി വിഭാഗക്കാരുടെ എണ്ണം 25%-ന് താഴെയാണെങ്കിൽ പൂർണ്ണമായും പൊതുവിഭാഗം വികസന ഫണ്ട്/തനത് ഫണ്ട് തന്നെ വകയിരുത്തണം.

(സി) പട്ടികജാതി കോളനിയിലേക്കുള്ള പ്രധാന വഴികൾ മറ്റ് സ്ഥലങ്ങളിലേയ്ക്കുടി പോകുന്നതുകാരണം ടി വഴി നിർമ്മാണത്തിന് എസ്.സി. ഫണ്ട് ഉപയോഗിക്കുന്നതിനുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇത്തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പട്ടികജാതി കോളനിയിലേയ്ക്കുള്ള പ്രധാന വഴികളുടെ മാപ്പ് തയ്യാറാക്കി എസ്.സി. ഫണ്ട് വകയിരുത്തുന്നതിന് പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇപ്രകാരം പദ്ധതി തയ്യാറാക്കിയിട്ടില്ല.

അംബേദ്കർ ഗ്രാമം പദ്ധതി

23(2058) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ബേഡഡുക്ക പഞ്ചായത്തിലെ ചെമ്പക്കാട് എസ്.ടി. കോളനിക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്?

ചെമ്പക്കാട് പട്ടികവർഗ്ഗ കോളനി 2020-21 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി കോളനിയിൽ പ്രത്യേക ഊരുകൂട്ടം വിളിച്ചുചേർക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്ക് തുക അനുവദിച്ചിട്ടില്ല.

(ബി) ഈ കോളനിയിൽ വീടില്ലാത്ത എത്ര കുടുംബങ്ങളുണ്ടെന്നും ഇവർക്കെല്ലാം ലൈഫ് മിഷൻ പദ്ധതിയിൽ വീടിന് അനുമതി ലഭിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

വീടില്ലാത്ത 36 കുടുംബങ്ങൾ ഉണ്ട്. അതിൽ 23 കുടുംബങ്ങൾക്ക് ലൈഫ് മിഷൻ മുഖേന വീടിന് അനുമതി നൽകിയിട്ടുണ്ട്.

(സി) ഈ കോളനിയിൽ ഇനി എത്ര കുടുംബങ്ങൾക്ക് വീട് വേണമെന്നുള്ളതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

13 കുടുംബങ്ങൾക്ക് വീട് ആവശ്യമുണ്ട്.